(ബി) വ്യവസായികളുടെ താല്പര്യസംരക്ഷണാർത്ഥം സർക്കാർ അലംഭാവം പുലർത്തുന്നതാണ് മിനിമം വേതനം പുതുക്കുന്നതിനും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും തടസ്സമായിരിക്കുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) വർദ്ധിച്ച ജീവിതച്ചെലവ് പരിഗണിച്ച് അടിയന്തരമായി മിനിമം വേതനം പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3-1-2011-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 01/2011/ തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കശുവണ്ടി വ്യവസായ രംഗത്തെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി 3-7-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്) നമ്പർ 75/2014/തൊഴിൽ പ്രകാരം നിശ്ചയിച്ച മിനിമം വേജസ് കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

241 (949) ശ്രീ. കെ. രാജു :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ് ; ഇത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവിതച്ചെലവിനനുസൃതമായി അഞ്ചു വർഷത്തിലൊരിക്കൽ മിനിമം കൂലി പുതുക്കണമെന്ന വ്യവസ്ഥയുണ്ടോ, എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-1-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 01/2011/തൊഴിൽ പ്രകാരമാണ് കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന തരത്തിൽ ഒരു ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കശുവണ്ടി വ്യവസായത്തിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 3-7-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 75/2014/തൊഴിൽ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പല തവണ യോഗം ചേർന്ന് ചർച്ച നടത്തുകയും തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂലി പുതുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) 1948-ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് 3 (1) (ബി) പ്രകാരം അഞ്ചുവർഷം കഴിയുന്നതിനുമുമ്പ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം കശുവണ്ടി വ്യവസായത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായബന്ധ സമിതിയെ മിനിമം വേതന നിയമം അനുശാസിക്കുംവിധം 3-7-2014 ലെ സ.ഉ. (എം.എസ്) നമ്പർ 75/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നടപടികൾ അവസാന ഘട്ടത്തിലാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ തകരുന്നത് ഒഴിവാക്കാൻ നടപടി

242 (950) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഓരോന്നായി തകർച്ച നേരിടുന്ന അവസ്ഥയിൽ പ്രതിഷേധിച്ച് എസ്.റ്റി.യു. ഉടങ്ങിയ സംഘടനകൾ രംഗത്തു വരുവാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) തൊഴിലവകാശങ്ങൾ നിഷേധിക്കുകയും അസംഘടിത തൊഴിൽ മേഖലയും തൊഴിലാളിക്ഷേമ ബോർഡുകളും നിർജ്ജീവമാക്കുകയും ചെയ്യുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ ക്ഷണിച്ചു വരുത്തുമെന്നത് മനസ്സിലായിട്ടുണ്ടോ ;

(സി) എങ്കിൽ, പ്രസ്തുത നിലപാട് തിരുത്താൻ തയ്യാറാകുമോ ?